# KIDS CORNER

വചനത്തിലെ
പഴമൊഴികൾ

## നിമ്രോദിനെപ്പോലെ നായാട്ടുവീരൻ (Genesis 10:9)




അമ്മച്ചി ... അമ്മച്ചിയേ.. മിച്ചുക്കുട്ടൻ ആകപ്പാടെ സങ്കടത്തിൽ കത്രീനാമ്മച്ചിയെ വിളിച്ചു എന്തിനാടാ വന്നയുടനെ നീ കിടന്ന് കീറുന്നത് മിച്ചുവിന്റെ അമ്മ ദേഷ്യപ്പെട്ടു. മമ്മിയേ അല്ല ഞാൻ വിളിച്ചത്, എന്റെ കത്രീനാമ്മച്ചിയേയാണ്, മിച്ചു ദേഷ്യത്തോടെ പറഞ്ഞു. വരുന്നു ...മക്കളേ... മിച്ചു വേ... അമ്മച്ചി വരുവാടാ ... ദേഷ്യപ്പെടേണ്ട. തന്റെ അടുക്കലെത്തിയ അപ്പുവിനോട് അമ്മച്ചി കാര്യം തിരക്കി. അമ്മച്ചി... ഞാൻ പറയാം.. ചേച്ചിക്ക് അംബരചുംബി എന്നാലെന്തെന്ന് അറിയുകയില്ല എന്ന് പറഞ്ഞതിന് ടീച്ചർ ദേഷ്യപ്പെട്ടു. അതിന്റെ ദേഷ്യമാണ് ഇത് യോവേൽ അമ്മച്ചിയോട് കാരണം പറഞ്ഞു. ഈ വിഷയത്തെപ്പറ്റി പത്തു വാചകം നാളെ എഴുതികൊണ്ടുചെല്ലണം, മറിയം പറഞ്ഞു തന്റെ കൊച്ചുമക്കൾക്ക് അമ്മച്ചി തന്റെ അറിവ് പകർന്ന് കൊടുത്തു.

നഗരങ്ങളിൽ ജനസംഖ്യ വളരെ കൂടുതലായതിനാൽ എല്ലാവർക്കും വീടുവയ്ക്കുവാൻ സ്ഥലം ലഭ്യമല്ല. അതിനാൽ ജനം അന്തരീക്ഷത്തിലേക്ക് കുടിയേറ്റം ആരംഭിച്ചു. ആകാശത്തേക്ക് മുട്ടിഉരുമ്മുന്നു എന്ന് തോന്നത്തക്കവിധം പണിയുന്ന ഇത്തരം കെട്ടിടങ്ങളെ അംബരചുംബികൾ എന്ന് പറയുന്നു. ന്യൂയോർക്ക് നഗരം അംബരചുംബികളുടെ നഗരമെന്നാണ് ഒരു കാലത്ത് അറിയപ്പെട്ടിരുന്നത്. എമ്പയർ സ്റ്റേറ്റ് ബിൽഡിംഗ് ആയിരുന്നു ലോകത്തിലെ ആദ്യത്തെ അംബരചുംബി. തുടർന്ന് 1970 ൽ വേൾഡ്ട്രേഡ് സെന്റർ, 1973-ൽ ഷിക്കാഗോയിൽ നിയാർസ് ടവർ എന്നിവ പണിതുയർത്തി ഇപ്പോൾ ദുബായിൽ ഒരു അംബരചുംബിയുടെ പണി നടക്കുന്നുണ്ട്. ഉയരങ്ങളിലേക്ക് കുതിക്കുമ്പോൾ മനുഷ്യനിലെ അഹങ്കാരം വർദ്ധിക്കുന്നു. അമേരിക്കയുടെ അഹങ്കാരമായ വേൾഡ് ട്രേഡ്സെന്റർ തീവ്രവാദികൾ ഒരു നിമിഷംകൊണ്ട് തകർത്തു. നോഹയപ്പച്ചന്റെ പുത്ര

നായ ഹാമിന്റെ മകനാണ് കൂശ്. കൂശിന്റെ പുത്രനായ നിമ്രോദ് ഭൂമിയിലെ ആദ്യത്തെ വില്ലാളിവീര നാണ്. അവൻ യഹോവയുടെ മുമ്പാകെ നായാട്ടുവീരനായിരുന്നു. അതിനാൽ യഹോവയുടെ മുമ്പാകെ നിമ്രോദിനെപ്പോലെ നായാട്ടുവീരൻ (ഉല്പ 10:9) എന്നൊരു പഴഞ്ചൊല്ലുണ്ട്. ഭൂമിയിലെ ഭാഷ ഒന്നായിരുന്നു ഈ കാലത്ത് അതിമോഹം, ധിക്കാരം ഇവ പെരുത്ത ജനം അംബരചുബി പണിത് ഉന്നതങ്ങളിലെത്തുവാൻ ആഗ്രഹിച്ചു വരുവീൻ നാം ഭൂതലത്തിലൊക്കെയും ചിതറിപ്പോകാ തിരിക്കുവാൻ ഒരു പട്ടണവും, ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിയുക എന്നുപ റഞ്ഞ് പണിതുടങ്ങി .

ഭൂമിയിലെ മനുഷ്യന്റെ ദുഷ്ടത വലിയതെന്നു അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണ ങ്ങൾ ഒക്കെയും ദോഷമുള്ളതുമാകയാൽ ജലത്താലുള്ള ന്യായവിധി നോഹയപ്പൂപ്പന്റെ കാലത്ത് നടന്നതാണ്. വീണ്ടും മനുഷ്യനെ അഹങ്കാരം ഭരിച്ചപ്പോളാണ് ബാബേൽഗോപുരം എന്ന് പേരുല ഭിച്ച അംബരചുംബി പടുത്തുയർത്തിയത്. അതിന്റെ മുകളിൽ നിന്ന് നിമ്രോദ് അമ്പ് എയ്ത് സന്തോഷിച്ചു, കാരണം ഇനി സ്വർഗ്ഗത്തോളം എത്താൻ ദൂരം അധികം ഇല്ല.
മനുഷ്യരുണ്ടാക്കിയ പട്ടണവും, ഗോപുരവും വീക്ഷിച്ച യഹോവ അവരുടെ ഭാഷ കലക്കികളഞ്ഞു. അവർ കെട്ടിപ്പൊക്കിയ ഗോപുരവും, പട്ടണവും, അവരുടെ സ്വപ്നങ്ങളും നിമിഷങ്ങൾക്കുള്ളിൽ തകർന്നടിഞ്ഞു. ഭൂമിയിൽ അവർ ചിന്നിച്ചിതറി. ഇന്ന് പലരും ധനം, ഭൂമി, ആരോഗ്യം, ജോലി അവ കൊണ്ട് അംബര ചുംബികൾ പടുത്തുയർത്തുവാൻ ശ്രമിക്കുന്നു. യഹോവയെമാറ്റിനിർത്തി അവർ ചെയ്യുന്ന എല്ലാ ഉദ്യമങ്ങളും തകർന്നടിയുകയാണ്. കുഞ്ഞുങ്ങളെ ! ഏതു പ്രവർത്തിയും യഹോവ യോട് ചേർന്ന് ആരംഭിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind